പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2359 23-03-2012-ൽ മറുപടിക്ക്

## ആലപ്പുഴയെ 'പൈതൃക നഗര'മായി പ്രഖ്യാപിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) പൗരാണിക നഗരമായ ആലപ്പുഴയെ 'പൈതൃക നഗര'മായി പ്രഖ്യാപിക്കുമോ; | (എ) നഗരങ്ങളെ പൈതൃക നഗരങ്ങളായി പ്രഖ്യാപിക്കുന്ന പദ്ധതികൾ നിലവിലില്ല. എന്നാൽ ആലപ്പുഴയുടെ പൈതൃക സ്വഭാവം ഉൾക്കൊണ്ടുകൊണ്ട് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. |
| (ബി) ആലപ്പുഴ പട്ടണത്തിന്റെ സമഗ്രവികസനത്തിന് ഒരു ബൃഹത് പദ്ധതി തയ്യാറാക്കി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) ആലപ്പുഴ നഗരത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി നിലവിലുള്ള നഗരാസൂത്രണ നിയമ പ്രകാരം കരട് ഡെവലപ്മെൻറ് പ്ലാൻ തയ്യാറാക്കി വരുന്നു. 20 വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടികണ്ട് ആസൂത്രണം ചെയ്യുന്ന ടി ഡെവലപ്മെന്റ് പ്ലാനിൽ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം ടൂറിസം, പരിസ്ഥിതി സംരംക്ഷണം, പൈതൃക സംരക്ഷണം എന്നിവയും ഉൾപ്പെടും. |
| (സി) പൈതൃക നഗര പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പട്ടണങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; പൈതൃക നഗരങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളവയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) പൈതൃക നഗര പദ്ധതി ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ആഫീസർ